**E 1421** (Pages : 2) Reg. No....................................

Name.......................................

# B.A. DEGREE (C.B.C.S.S.) EXAMINATION, MARCH 2016

## Sixth Semester

B.A. Malayalam (Model I and Model II)

Core Course—**കഥാസാഹിത്യം**

(2013 Admissions)

Time : Three Hours Maximum : 80 Marks

### എ വിഭാഗം

ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. 'പുല്ലേലിക്കുഞ്ചു' വിൻെറ കർത്താവാര് ?
2. ഏതു വർഷമാണ് മാർത്താണ്ഡവർമ്മ പ്രസിദ്ധീകരിക്കപ്പെട്ടത് ?
3. 'ചെറുകഥ ഇന്നലെ ഇന്ന്' എഴുതിയതാര് ?
4. മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി എഴുതിയ നോവലിൻെറ പേരെന്ത് ?
5. 'അപ്പുക്കിളി' ഏതു നോവലിലെ കഥാപാത്രമാണ് ?
6. 'കേസരി' എന്ന തൂലികാ നാമത്തിൽ അറിയപ്പെട്ടിരുന്ന ചെറുകഥാകൃത്ത് ?
7. 'പ്രതിപാത്രം ഭാഷണഭേദം' എന്ന വിമർശനഗ്രന്ഥം ആരുടെ നോവലുകളെക്കുറിച്ചുള്ള പഠനമാണ് ?
8. എസ്.കെ. പൊറ്റെക്കാട്ടിൻെറ ഏതു കൃതിക്കാണ് 'ജ്ഞാനപീഠ' പുരസ്കാരം ലഭിച്ചത് ?
9. 'മലയാള ചെറുകഥാ സാഹിത്യചരിത്രം' എഴുതിയതാര് ?
10. 'വാസനാവികൃതി' എന്ന കഥ അച്ചടിച്ചു വന്ന അനുകാലികത്തിൻെറ പേരെന്ത് ?

(10 × 1 = 10)

### ബി വിഭാഗം

ഓരോ ഖണ്ഡിക വീതം ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. രാമവർമ്മ മഹാരാജാവ് നാടുനീങ്ങിയ ശേഷം രാമയ്യൻ ഏറ്റെടുത്ത ഉത്തരവാദിത്വമെന്ത് ?
12. "സ്ഥിരബുദ്ധിക്കു ചികിത്സ വേണമോ ?"—ചോദ്യകർത്താവാര് ? സന്ദർഭമേത് ?
13. പാറുക്കുട്ടിയുടെ അറയിലെത്തിയ പത്മനാഭൻ തമ്പിക്കുണ്ടായ അനുഭവം എന്തായിരുന്നു ?
14. കമ്പല്ലൂർ കോട്ടയെ പ്രസിദ്ധമാക്കിയതെന്തെല്ലാം ?
15. ഭോജൻ വെളിച്ചപ്പാട് ഉമ്പിച്ചിയെ എങ്ങനെയാണ് പരിഗണിച്ചിരുന്നത് ?
16. ഷീന ഫോട്ടോ എടുക്കാനുള്ള പണം സ്വരൂപിച്ചതെങ്ങനെ ?

Turn over

17. "എനിക്കിതുപോലൊന്നു മേടിച്ചു തരാമോ ?"—സൂചിതവും സന്ദർഭവും വ്യക്തമാക്കുക.

18. 'ആരാൻെറ കുട്ടി' ആഖ്യാതാവിൻെറ കയ്യിൽ വന്നുപെട്ടതെങ്ങനെ ?

19. ചിരുത ഇട്ട്യാതിയെ അവഗണിച്ചതെന്തുകൊണ്ട് ?

20. ഇൻസ്പെക്ടർ രാജൻ അവധിക്ക് അപേക്ഷ നൽകാനുള്ള കാരണമെന്ത് ?

(8 × 2 = 16)

## സി വിഭാഗം

ഏതെങ്കിലും ആറു ചോദ്യത്തിന് ഓരോ പുറത്തിൽ ഉത്തരം എഴുതുക.

21. സുഭദ്രയും യുവരാജാവും തമ്മിൽ നടന്ന ആദ്യകൂടിക്കാഴ്ചയെക്കുറിച്ച് വിവരിക്കുക.

22. ഉമ്പിച്ചിയെ കടൽക്കോടതി വിസ്തരിക്കാൻ ഇടയായ സാഹചര്യവും അതിൻെറ പരിണതിയും വിവരിക്കുക.

23. "ആ വിലയേറിയ നിമിഷം ഞാൻ നിഷ്ഫലമാക്കിക്കളഞ്ഞു"—ഇങ്ങനെ വിഷാദിക്കുന്നതാര് ? അതിനുള്ള കാരണമെന്ത് ?

24. അശോകൻെറ മനസ്സിൽ കത്തിനിന്ന പ്രതികാരാഗ്നി കെട്ടടങ്ങിയതെങ്ങനെ ?

25. ചിരുതയുടെ ആത്മസംഘർഷം 'വെളുത്ത കുഞ്ഞ് ' എന്ന കഥയിൽ ആവിഷ്കരിക്കുന്നതെങ്ങനെ ?

26. 'ദേശ്-ഒരു ഹിന്ദുസ്ഥാനി രാഗം' എന്ന കഥയുടെ ഭാവതലം വിശദമാക്കുക.

27. "തിരക്കേറിയ ലോകത്ത് സൂപ്പർ മാർക്കറ്റുകൾ ഒരാശ്വാസമാണ് "—രുക്മിണിയുടെ അനുഭവവുമായി ബന്ധപ്പെടുത്തി നിരൂപിക്കുക.

28. ഭാഷയുടെ അസാമാന്യ ചൈതന്യം പ്രകടമാക്കുന്ന ചെറുകഥയാണ് ഗ്രേസിയുടെ 'നായയുണ്ട് സൂക്ഷിക്കുക'—വിലയിരുത്തുക.

(6 × 4 = 24)

## ഡി വിഭാഗം

ഏതെങ്കിലും രണ്ടു ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

29. സി.വി. രാമൻപിള്ളയുടെ 'മാർത്താണ്ഡവർമ്മ'യെ ഒരു ചരിത്രാഖ്യായിക എന്ന നിലയിൽ പഠന വിധേയമാക്കുക.

30. പുരാവൃത്തങ്ങളും ആനുകാലിക സംഭവങ്ങളും കോർത്തിണക്കി രചിച്ചിട്ടുള്ള മരക്കാപ്പിലെ തെയ്യങ്ങൾ ആഖ്യാനത്തിലും പ്രമേയ സ്വഭാവത്തിലും വേറിട്ടു നിൽക്കുന്ന നോവലാണ്—സമർത്ഥിക്കുക.

31. 'ഫോട്ടോ', 'കൃഷ്ണഗാഥ' എന്നീ കഥകൾ സൂചിപ്പിക്കുന്ന സാമൂഹിക യാഥാർത്ഥ്യത്തിൻെറ വ്യാപ്തി വിശകലനം ചെയ്യുക.

(2 × 15 = 30)